പിടിച്ചുകൊണ്ട് ഡൽഹിയിൽ ചെന്ന് ഇങ്ങനെയാണ് ഞങ്ങളുടെ കണക്ക്, അതുകൊണ്ട് അവിടെയിരിക്കുന്ന കൂട്ടരെ പുറത്താക്കി ഞങ്ങളെ കയറ്റണമെന്ന് നിങ്ങൾ ചെന്ന് പറഞ്ഞുനോക്കൂ. അതുപോലെ 14 മന്ത്രിമാർ ഭരിച്ച ഈ കേരളത്തിൽ 20 മന്ത്രിമാരെ നിങ്ങളെടുത്തു എന്നുള്ളതുപോകട്ടെ, ഒരു 21-ാമനേയുമെടുത്തിട്ട് അദ്ദേഹത്തിന് ജനവിധി നേടാൻ നടത്തിയ ശ്രമം അസാധ്യംതന്നെ, നിങ്ങളുടെ ചർമ്മശക്തി അസാധ്യംതന്നെ. കേരളത്തിലെ ജനങ്ങൾക്ക് അതിനോട് ഒരു പ്രതികരണം കാണിക്കേണ്ടിവന്നതും അർത്ഥവത്തായതുതന്നെയാണ്. ഞാൻ നീട്ടിക്കൊണ്ടുപോകുന്നില്ല, നമ്മുടെ പൊതുഭരണം വളരെവളരെ ജനദ്രോഹത്തിന്റെ ഒരു ചിത്രം കാഴ്ചവയ്ക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇതിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

XII. അറിയിപ്പ്

കാര്യോപദേശക സമിതി തീരുമാനം

മി. സ്പീക്കർ: ഇന്നുകൂടിയ കാര്യോപദേശക സമിതി യോഗത്തിൽ അഭിപ്രായ സമന്വയമുണ്ടായതനുസരിച്ച് 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ സബ്ജക്ട് കമ്മറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2004 ജൂൺ 29, 30 തീയതികളിൽ ഉച്ചയ്ക്കുശേഷം നാലുമണിമുതൽ ഏഴുമണിവരെ നടത്തുന്നതാണ്. പ്രസ്തുത പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇന്ന് (28-6-2004) വൈകുന്നേരം 5 മണിവരെ നൽകാവുന്നതാണ്.

ധനകാര്യം_(തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, പൊതുഭരണത്തെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടന്നതെങ്കിലും സ്വാഭാവികമായി കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച പരാമർശനങ്ങൾ ചർച്ചയ്ക്കിടയിൽ പലപ്പോഴും കടന്നുവരുകയുണ്ടായി. കേരളത്തിലെ ഭരണകക്ഷിയായ ഞങ്ങൾക്ക് തെരഞ്ഞെടുപ്പിൽ തിരിച്ചടി നേരിടേണ്ടിവന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നയിക്കുന്ന മുന്നണിക്ക് വൻപിച്ച വിജയവും ലഭിച്ചു. ആ വിജയം ലഭിച്ചതിന്റെ എല്ലാ ഭാവവും അദ്ദേഹമുൾപ്പെടെയുള്ളവരുടെ പ്രസംഗത്തിൽ നിഴലിച്ചിരുന്നു. ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. ജയിച്ചവർക്ക് അങ്ങനെ തോന്നുന്നെങ്കിൽ അൽപ്പം അഹങ്കരിക്കാൻ അവകാശമുണ്ട്. അഹങ്കരിച്ചുകൊള്ളുക. അഹങ്കാരത്തിന്റെ ഭാഷ സംസാരിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവകാശമുണ്ട്. ആ ഭാഷയിൽത്തന്നെ സംസാരിച്ചുകൊള്ളുക. ഞങ്ങളോട് ഒരു ദാക്ഷിണ്യവും കാണിക്കാൻ ഉദ്ദേശിക്കുന്നില്ല എന്നുള്ള പരാമർശനവും വേണമെങ്കിൽ പറയാൻ സാധിക്കും. ദാക്ഷിണ്യമൊന്നും നമുക്ക് തരുകയുംവേണ്ട. പക്ഷെ ഇലക്ഷന്റെ ഫലം ദേശീയ തലത്തിൽ വൻപിച്ച മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. അഞ്ചു വർഷക്കാലം ഭരണം നടത്തിയ, ആ ഭരണത്തിലൂടെ രാജ്യത്ത് ശിഥിലീകരണ പ്രവർത്തനങ്ങൾ നടത്തിയ വർഗ്ഗീയ ശക്തികൾക്ക് അഴിഞ്ഞാടാൻ അവസരം നൽകിയ എൻ. ഡി. എ. ഭരണം അവസാനിപ്പിച്ചു. ആ സ്ഥാനത്ത് കോൺഗ്രസ് നേതൃത്വം നൽകുന്ന ഐക്യ പുരോഗമന മുന്നണിയുടെ ഒരു ഗവൺമെന്റ് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly